ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 09.02.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-അമേരിക്ക സന്ദർശനത്തിന് നാളെ തുടക്കം.

   Prime Minister Narendra Modi to visit France and US from tomorrow.

2. പരീക്ഷാ പേ ചർച്ച പരിപാടിയുടെ 8-ാം പതിപ്പ് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും.

   The 8th edition of the Pariksha Pe Charcha will be held at Bharat Mandapam in New Delhi tomorrow.

3. ഡൽഹിയിൽ സർക്കാർ രൂപീകരണത്തിന് ബിജെപി. മുഖ്യമന്ത്രി അതിഷി മർലീന ഗവർണർക്ക് രാജി സമർപ്പിച്ചു.

   BJP to form government in Delhi. Chief Minister Atishi Marlena submits resignation to Governor.

4. ശബരിമല വിമാനത്താവള പദ്ധതിയുമായി മുന്നോട്ടു പോകാൻ കേരള സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ ശുപാർശ.

   The expert committee appointed by Kerala government recommends to go with Sabarimala airport project.

5. ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന പരമ്പരയിലെ രണ്ടാം മത്സരം അല്പസമയത്തിനകം, ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ബംഗളുരു -ജംഷഡ്പൂർ പോരാട്ടം.

   The second match of the India-England ODI series will held shortly, In ISL football Bengaluru will face Jamshedpur today.

==================================================

## PM MODI VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-അമേരിക്ക സന്ദർശത്തിന് നാളെ തുടക്കമാകും. ഇരു രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ സന്ദർശനം ഊന്നൽ നൽകും. ഈ മാസം 10 മുതൽ 12 വരെ ഫ്രാൻസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി, നിർമിതബുദ്ധി ഉച്ചകോടിയിലും ഉഭയകക്ഷി ചർച്ചകളിലും പങ്കെടുക്കും. ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും ശ്രീ നരേന്ദ്ര മോദി നിർവഹിക്കും. തുടർന്ന് രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി യു എസിലേക്ക് തിരിക്കും.

==================================================

## PARIKSHA PE CHARCHA

പരീക്ഷ പേ ചർച്ച പരിപാടിയുടെ 8-ാം പതിപ്പ് നാളെ രാവിലെ 11 ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. ആത്മവിശ്വാസത്തോടെ പരീക്ഷകളെ നേരിടുന്നതിനുള്ള മികച്ച മാർഗങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർത്ഥികളുമായി പങ്കുവെയ്ക്കും. കൂടാതെ സമ്മർദ്ദങ്ങളുടെ നിയന്ത്രണം, വ്യക്തിഗത വളർച്ച എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ചകളും അദ്ദേഹം പങ്കിടും. പുതുക്കിയ ഘടനയിൽ, എട്ട് ഭാഗങ്ങളായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇതുവരെ 3.30 കോടിയിലധികം വിദ്യാർത്ഥികളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

==================================================

## REV. PM – BJP WIN – (INTRO)

ബിജെപിയുടെ ഇരട്ട എഞ്ചിൻ സർക്കാരിൽ രാജ്യത്തിനുള്ള വിശ്വാസമാണ് ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് ഫലങ്ങൾ സൂചിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് ഇന്നലെ ബിജെപി പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഡൽഹിയുടെ യഥാർത്ഥ ഉടമകൾ ജനങ്ങളാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. രാജ്യ തലസ്ഥാനത്തിന് ഇനി ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. നാരീശക്തിക്ക് നൽകിയ എല്ലാ വാഗ്ദാനങ്ങളും നിറവേറ്റപ്പെടുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**(HOLD VOICE......)**

==========================================================

## Delhi CM ATHISHI RESIGN

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടിയുടെ പരാജയത്തെ തുടർന്ന് ഡൽഹി മുഖ്യമന്ത്രി അതിഷി മർലീന രാജിവച്ചു. ലഫ്റ്റനന്റ് ഗവർണ്ണർ വിനയ് കുമാർ സക്സേനയെ നേരിൽ കണ്ട് രാജിക്കത്ത് സമർപ്പിച്ചു. ഡൽഹിയുടെ ഏഴാം നിയമസഭ ഫെബ്രുവരി 8 ന് ലെഫ്റ്റനന്റ് ഗവർണർ പിരിച്ചുവിട്ടിരുന്നു. ആം ആദ്മി പാർട്ടി യുടെ മുതിർന്ന നേതാക്കൾ എല്ലാം പരാജയപെട്ടപ്പോഴും 3,521 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ അതിഷി വിജയിക്കുകയായിരുന്നു.

==========================================================

## NIRMALA SITARAMAN – IT BILL

പുതിയ ആദായ നികുതി ബിൽ അടുത്തയാഴ്ച ലോക്സഭയിൽ അവതരിപ്പിച്ചേക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. ന്യൂഡൽഹിയിൽ നടന്ന ആർ ബി ഐ സെൻട്രൽ ബോർഡ് ഓഫ് ഡയറക്ടർമാരുടെ യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ആറ് പതിറ്റാണ്ട്

പഴക്കമുള്ള ആദായ നികുതി നിയമത്തിന് പകരമായാണ് പുതിയ ബില്ല് വരുന്നത്. ലോക്സഭയിൽ അവതരിപ്പിച്ചതിന് ശേഷം ബിൽ പാർലമെൻററി സ്റ്റാൻറിംഗ് കമ്മിറ്റിയ്ക്ക് അയക്കും.

=================================================================

## EON-51 SYSTEMS

ഇന്ത്യൻ നാവികസേനയുടെ കേഡറ്റ് പരിശീലന കപ്പലുകൾക്കും ന്യൂ ജനറേഷൻ ഓഫ്ഷോർ വെസ്സലുകൾക്കുമായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിൽ നിന്ന് 28 EON-51 അഗ്നി നിയന്ത്രണ സംവിധാനം സംഭരിക്കുന്നതിനായി രാജ്യരക്ഷാമന്ത്രാലയം ധാരണാപത്രത്തിൽ ഒപ്പുവച്ചു. **642 കോടി** രൂപയിലധികമാണ് വകയിരുത്തിയിട്ടുള്ളത്.

=================================================================

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

=================================================================

## MARAMON CONVENTION

130-ാമത് മാരാമൺ കൺവെൻഷന് പത്തനംതിട്ട മാരാമൺ പമ്പാ നദിക്കരയിൽ ഇന്ന് തുടക്കമാകും. ഉച്ചയ്ക്ക് 2.30 ന് മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ചടങ്ങുകൾ ഉദ്ഘാടനം ചെയ്യും. അതേസമയം 113-ാമത് ചെറുകോൽപുഴ ഹിന്ദുമത പരിഷത്തിനു ഇന്ന് സമാപനമാകും. പമ്പയിൽ ഇന്ന് വൈകിട്ട് മഹാ ആരതിയും പുണ്യസ്നാനവും നടക്കും.

=================================================================

**SABARIMALA AIRPORT – (INTRO)**

എരുമേലിയിലെ നിർദ്ദിഷ്ട ശബരിമല വിമാനത്താവള പദ്ധതിയുമായി മുന്നോട്ടു പോകാമെന്ന് കേരള സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട്. ഭൂമിയും ഉപജീവമാർഗ്ഗവും നഷ്ടമാകുന്നവർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം നൽകണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി**

**കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു.....**

**(VOICE......)**

==========================================================

**SURESH GOPI**

അന്തരിച്ച സാഹിത്യകാരൻ എം.ടി വാസുദേവൻനായരുടെ കുടുംബാംഗങ്ങളെ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി സന്ദർശിച്ചു. സാഹിത്യത്തിലേതു പോലെ കലാരംഗത്തും മഹത്വം നിറഞ്ഞ വ്യക്തിത്വമായിരുന്നു എം.ടിയെന്ന് ശ്രീ സുരേഷ് ഗോപി പറഞ്ഞു.

==========================================================

**IND VS ENG ODI**

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള ഏകദിന പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഉച്ചയ്ക്ക് 1.30ന് ഒഡീഷയിലെ ബാരാബതി സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു ജയം. പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഈ മാസം 12-ന് നടക്കും.

==========================================================

**ISL**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ബംഗളുരു , ജംഷഡ്പൂരുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ബംഗ്ളൂരുവിലെ ശ്രീകണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം.

==========================================================

**CHESS- FREESTYLE GRANDSLAM**

ജർമ്മനിയിൽ നടക്കുന്ന ഫ്രീസ്റ്റൈൽ ചെസ് ഗ്രാൻഡ് സ്ലാം ടൂർണ്ണമെന്റിലെ അഞ്ച് ഇനങ്ങളിൽ ആദ്യത്തേതിൽ, ലോക ചാമ്പ്യൻ, ഇന്ത്യയുടെ ഡി ഗുകേഷ് നോക്കൗട്ടിലേക്ക് യോഗ്യത നേടി. യോഗ്യതാ റൗണ്ടിന്റെ ഒമ്പതാം റൗണ്ടിലും അവസാന റൗണ്ടിലും നോർവേയുടെ മാഗ്നസ് കാൾസനോട് തോറ്റെങ്കിലും ഗുകേഷ് അടുത്ത ഘട്ടത്തിലേക്ക് മുന്നേറുകയായിരുന്നു.

==========================================================

**MAHA KUMBH -BIRD FESTIVAL**

ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ നടക്കുന്ന മഹാകുംഭമേളയോടനുബന്ധിച്ച് ഈ മാസം 16-മുതൽ 18 വരെ അന്താരാഷ്ട്ര പക്ഷി മേള സംഘടിപ്പിക്കും. 200-ലധികം ഇനം ദേശാടന, പ്രാദേശിക പക്ഷികളുടെ ഒത്തുചേരൽ കാണാൻ സന്ദർശകർക്ക് അവസരം ലഭിക്കും. പരിസ്ഥിതി സംരക്ഷണവും ജൈവവൈവിധ്യവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

==========================================================

**FISHERMAN ARREST- SRIANKA**

തമിഴ്നാട്ടിലെ രാമേശ്വരത്ത് നിന്നും കടലിൽ മൽസ്യ ബന്ധനത്തിന് പോയ 14 മത്സ്യത്തൊഴിലാളികളെ ഇന്ന് പുലർച്ചെ ശ്രീലങ്കൻ നാവികസേന അറസ്റ്റ് ചെയ്തു.

അന്താരാഷ്ട്ര സമുദ്രാതിർത്തി രേഖ കടന്നെന്നാരോപിച്ചാണ് അറസ്റ്റ്. ഇവരുടെ ബോട്ടുകളും അധികൃതർ പിടിച്ചെടുത്തു. കഴിഞ്ഞ ആഴ്ചകളിലും സമാനമായ അറസ്റ്റുകൾ രേഖപ്പെടുത്തിയിരുന്നു. വിഷയത്തിൽ ഇടപെടണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ വിദേശ കാര്യമന്ത്രി എസ് ജയ്ശങ്കറിനോട് ആവശ്യപ്പെട്ടു.

============================================================

**WORLD BOOK FAIR**

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ലോക പുസ്തകമേളയുടെ 52-ാമത് പതിപ്പിന് ഇന്ന് സമാപനമാകും. നാഷണൽ ബുക്ക് ട്രസ്റ്റും ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. മേളയിൽ രണ്ടായിരത്തോളം പ്രസാധകരും ആയിരത്തോളം പ്രഭാഷകരും പങ്കെടുത്തു.

============================================================

**J K FIRE**

ജമ്മു കശ്മീരിലെ സോനാമാർഗ്ഗിൽ ഇന്നലെയുണ്ടായ തീപിടുത്തത്തിൽ 50 ഓളം കടകളിൽ നാശനഷ്ടമുണ്ടായി. ആളപായമില്ല. അതേസമയം, നാശനഷ്ടമുണ്ടായവർക്ക് അടിയന്തരമായി സഹായം എത്തിക്കുമെന്ന് മുഖ്യമന്ത്രി ഒമർ അബ്ദുല്ല അറിയിച്ചു.

============================================================

**OLD VEHICLES –SCRAP CENTRE**

പഴകിയതും നേരെയാക്കാൻ കഴിയാത്തതുമായ വാഹനങ്ങൾ പൊളിച്ചുനീക്കാൻ രജിസ്റ്റർ ചെയ്തിട്ടുള്ള ആറ് കേന്ദ്രങ്ങൾക്ക് മഹാരാഷ്ട്ര അംഗീകാരം നൽകി. വാഹനം പൊളിക്കൽ നയത്തിന്റെ ഭാഗമായാണ് നടപടി. പ്രസ്തുത കേന്ദ്രങ്ങളിൽ വാഹനങ്ങൾ പൊളിക്കുന്നവർക്ക് പുതിയ

വാഹനം വാങ്ങിക്കുമ്പോൾ നികുതിയിൽ പത്തുശതമാനം ഇളവ് നൽകുമെന്ന് മഹാരാഷ്ട്ര ഗതാഗതവകുപ്പ് അറിയിച്ചു.

=========================================================

## US-MUSK DOGE BLOCKED

യുഎസിൽ, ട്രഷറി വകുപ്പ് ശേഖരിച്ചിട്ടുള്ള ദശലക്ഷക്കണക്കിന് അമേരിക്കക്കാരുടെ സ്വകാര്യ സാമ്പത്തിക രേഖകൾ ലഭ്യമാക്കണമെന്ന എലോൺ മസ്കിന്റ് സ്ഥാപനമായ ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷ്യൻസി യുടെ ആവശ്യം ഫെഡറൽ ജഡ്ജി തടഞ്ഞു. രേഖകൾ ഇതിനകം നേടിയിട്ടുണ്ടെങ്കിൽ അത് നശിപ്പിക്കണെ മെന്നും ജഡ്ജി ഉത്തരവിട്ടു. രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നത് ഹാക്കിംഗ് ഭീഷണികൾ വർധിപ്പിക്കുന്നതിന് കാരണമാകുമെന്ന് ജഡ്ജി മുന്നറിയിപ്പ് നൽകി. അതേസമയം, മസ്ക്, ഈ വിധിയെ സാമൂഹ മാധ്യമത്തിൽ വിമർശിച്ചു.

=========================================================

## BALTIC NATIONS

എസ്റ്റോണിയ , ലാത്വിയ , ലിത്വാനിയ എന്നി മൂന്നു ബാൾട്ടിക് രാജ്യങ്ങൾ ഔദ്യോഗികമായി റഷ്യൻ പവർഗ്രിഡ് വൈദ്യുത ബന്ധം അവസാനിപ്പിച്ചു. യൂറോപ്യൻ യൂണിയനുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക സുരക്ഷ വർധിപ്പിക്കുന്നതിനുമാണ് നടപടി.

=========================================================

## CARIBBEAN EARTHQUAKE

കരീബിയൻ കടലിൽ ഇന്നലെ 7.6 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടു. കേമാൻ ദ്വീപുകളുടെ തെക്ക് പടിഞ്ഞാറ് കടലിൽ 10 കിലോമീറ്റർ ആഴത്തിൽ ആണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം.

=========================================================

**TRIPURA-DR. MANIK SAHA**

ഇന്നലെ അഗർത്തലയിൽ സമാപിച്ച രണ്ട് ദിവസത്തെ ഡെസ്റ്റിനേഷൻ ത്രിപുര ബിസിനസ് കോൺക്ലേവിൽ വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, ഐടി മേഖലകളിലെ 87 സ്വകാര്യ നിക്ഷേപകരുമായി ത്രിപുര സർക്കാർ 3700 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചു. രാജ്യത്തിനകത്തും പുറത്തുമുള്ള സ്വകാര്യമേഖലാ കമ്പനികളെ ത്രിപുരയിലേക്ക് ആകർഷിക്കാൻ സംസ്ഥാന സർക്കാർ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി ഡോ.മണിക് സാഹ മാധ്യമങ്ങളോട് പറഞ്ഞു.

===============

==================================

=========================================================